ആർ.ഒ.സി.നം.41/16/എസ്.

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2016-17-ലെ പുനലൂർ ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന:- ശാന്തിക്കാരുടെ അപേക്ഷകൾ.

2016-17-ലെ പുനലൂർ ഗ്രൂപ്പിനുള്ളിലെ ഫുൾടൈം ശാന്തിക്കാരുടെ സ്ഥലം മാറ്റം സംബന്ധിച്ചുള്ള അപ്പീൽ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടിവിവരം ചുവടെ ചേർക്കുന്നു.

1) ശ്രീ. എം. ഹരികൃഷ്ണൻ

2016-ലെ പൊതു സ്ഥലം മാറ്റത്തിൽ ടിയാൻ ആവശ്യപ്പെടാത്ത ദേവസ്വമായ വൈകുണ്ഠപുരം ദേവസ്വത്തിലേയ്ക്കാണ് സ്ഥലം മാറ്റിയതെന്നും, ആയതിനാൽ ടി നടപടി റദ്ദ് ചെയ്ത് ചാലിയക്കര ദേവസ്വത്തിൽ തുടരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നതുമാണ് അപ്പീലിൽ ബോധിപ്പിക്കുന്നത്.

ശ്രീ. ഹരികൃഷ്ണന്റെ അപേക്ഷ പരിഗണിച്ച് ചാലിയക്കര ദേവസ്വത്തിൽ തുടരുന്നതിന് അനുവദിക്കുന്നു.

പ്രസ്തുത സ്ഥലം മാറ്റങ്ങൾ 20/07/2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ.

അംഗീകാരത്തോടെ,

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

പകർപ്പ്:-

1) സെക്ഷൻ ഫയൽ.
2) ഫെയർ ആഫീസ് കോപ്പി.
3) EDP സെക്ഷൻ.

ശ്രീ.

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.40/16/മിസ്.സി. ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- പുനലൂർ ഗ്രൂപ്പിലെ കഴകം ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- ഗ്രേഡ്-3 പെരുമലത്തളി ദേവസ്വം കഴകം ശ്രീ. ഷാജിചന്ദ്രൻ, ഗ്രേഡ്-2 ശക്തിമംഗലം ദേവസ്വം കഴകം ശ്രീ. പി. ചന്ദ്രബാബു, ഗ്രേഡ്-1 പുതിയിടം ദേവസ്വം കഴകം ശ്രീ. ആർ. പത്മനാഭപിള്ള എന്നിവരുടെ അപ്പീൽ അപേക്ഷകൾ

**1) ശ്രീ. ആർ. പത്മനാഭപിള്ള (പുതിയിടം ദേവസ്വം)**

പൊതു സ്ഥലം മാറ്റത്തിൽ ടിയാനെ മാത്ര ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയെന്നും ആയത് റദ്ദാക്കി നിലവിലിരിക്കുന്ന ദേവസ്വത്തിൽ തുടരാൻ അനുവദിക്കണമെന്നാണ് അപ്പീലിലെ ആവശ്യം.

ടിയാന്റെ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലെങ്കിലും പുതിയിടം ദേവസ്വത്തിലേയ്ക്ക് മറ്റ് അപേക്ഷകരില്ലാത്ത സാഹചര്യത്തിലും മാത്ര ദേവസ്വം ടിയാന് യാത്രാ അസൗകര്യം ഉള്ളതിനാലും ടി ദേവസ്വത്തിൽത്തന്നെ തുടരാൻ അനുവദിക്കുന്നു.

**2) ശ്രീ. ഷാജിചന്ദ്രൻ (പെരുമലത്തളി)**

പൊതു സ്ഥലം മാറ്റത്തിൽ ടിയാൻ ആവശ്യപ്പെട്ടിരുന്ന ശക്തിമംഗലം ദേവസ്വത്തിലേയ്ക്ക് മാറ്റം നൽകിയില്ലായെന്നും ടി ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നുമാണ് അപ്പീൽ.

ടിയാൻ മൂന്നു വർഷം പൂർത്തിയാക്കാത്തതിനാൽ ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചുത്തരവാകുന്നു

**3) ശ്രീ. പി. ചന്ദ്രബാബു (ശക്തിമംഗലം)**

പൊതു സ്ഥലം മാറ്റത്തിൽ ടിയാനെ വൈകുണ്ഠപുരം ദേവസ്വത്തിലേയ്ക്കാണ് മാറ്റിയതെന്നും ടിയാന്റെ ഒന്നാം ചോയിസായ പെരുമലത്തളി ദേവസ്വത്തിലേയ്ക്കു മാറ്റം നൽകണമെന്നാണു അപ്പീൽ.

ടിയാന്റെ ഒന്നാം ചോയിസായ പെരുമലത്തളി ദേവസ്വത്തിൽ ഒഴിവില്ലാത്തതിനാൽ ടിയാന്റെ അപ്പീൽ നിരസിച്ചുത്തരവാകുന്നു. ഈ ഉത്തരവ് 20-7-2016 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഒപ്പ്)

**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreelatha

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

(മറുപുറം)